ചരിത്രാഖ്യായിക
●
അബ്ദുർറഹ്മാൻ മങ്ങാട്



## സൈനബ്(റ) – 2

# അബുൽ ആസ്വിന്റെ ധർമസങ്കടം

**വിരഹവേദന തീക്ഷ്ണമാകുമ്പോഴൊക്കെ സൈനബ് ഓടി ഉമ്മയുടെ അടുത്തെത്തും. ഒരുപാടു ജീവിതാനുഭവങ്ങളുള്ള ഖദീജാബീവി സൈനബിനെ ആശ്വസിപ്പിക്കും. സൈനബ് അപ്പോഴൊക്കെ തന്റെ കുട്ടിക്കാലമോർക്കും. വീട്ടിൽ പിതാവിന്റെ അസാന്നിധ്യം സൈനബ് പലപ്പോഴും ശ്രദ്ധിച്ചു തുടങ്ങി. ഉപ്പായുടെ സ്നേഹമസൃണമായ വാക്കുകൾക്കും തലോടലിനും വേണ്ടി അവളെപ്പോഴും ആശിച്ചു. ഈയിടെയായി അദ്ദേഹം എങ്ങോട്ടാണ് അപ്രത്യക്ഷനാകുന്നത്?**

**അബുൽആസ്വിന്റെ** അനിവാര്യമായ കച്ചവടയാത്രകളും സൈനബിന്റെ പ്രണയാതുരമായ വിരഹവും നിറഞ്ഞ വർഷങ്ങൾ കടന്നുപോയി. അവർക്കു രണ്ടു കുഞ്ഞുങ്ങളാണു പിറന്നത്. ആദ്യം അലിയും പിന്നെ ഉമാമയും. കുട്ടികൾ ആ കുടുംബത്തിന്റെ സ്നേഹനിർഭരതയും ആനന്ദവും അങ്ങേയറ്റം വർധിപ്പിച്ചു.

അബുൽആസ്വിന്റെ വ്യാപാര യാത്രാവേളകളിൽ തുടക്കത്തിൽ അനുഭവപ്പെടാറുണ്ടായിരുന്ന ഏകാന്തതയുടെ കാഠിന്യത്തെ മെരുക്കാൻ സൈനബ് പഠിച്ചു കഴിഞ്ഞു.

വിരഹവേദന തീക്ഷ്ണമാകുമ്പോഴൊക്കെ സൈനബ് ഉമ്മയുടെ അടുത്ത് ഓടിയെത്തും. ഒരുപാടു ജീവിതാനുഭവങ്ങളുള്ള ഖദീജാബീവി സൈനബിനെ ആശ്വസിപ്പിക്കും. സൈനബ് അപ്പോഴൊക്കെ തന്റെ കുട്ടിക്കാലമോർക്കും. വീട്ടിൽ പിതാവിന്റെ അസാന്നിധ്യം സൈനബ് പലപ്പോഴും ശ്രദ്ധിച്ചു തുടങ്ങി. ഉപ്പയുടെ സ്നേഹമസൃണമായ വാക്കുകൾക്കും തലോടലിനും വേണ്ടി അവളെപ്പോഴും ആശിച്ചു. ഈയിടെയായി അദ്ദേഹം എങ്ങോട്ടാണ് അപ്രത്യക്ഷനാകുന്നത്? ഉമ്മയാണവളോടു പറഞ്ഞത്, ഉപ്പയിപ്പോൾ പ്രാർഥനക്കും ചിന്തക്കുമായി ഹിറാഗുഹയിൽ ഏകനായി വളരെയേറെ സമയം ചെലവഴിക്കാറുണ്ട്. കഴിയുന്നത്ര ഉപ്പയെ ശുശ്രൂഷിക്കുകയും സഹായിക്കുകയുമാണ് ഉമ്മയുടെ പ്രധാനജോലി. അതീവശ്രേഷ്ഠമായ അങ്ങേയറ്റം ദൈവികമായ ഏതോ തെരഞ്ഞെടുക്കപ്പെടലിന് തന്റെ

ഭർത്താവ് വിധേയനാകാനിരിക്കുന്നു
വെന്ന് ഖദീജ മനസ്സിലാക്കിയിരു
ന്നുവോ! ഉപ്പായുടെ അസാന്നിധ്യ
ത്തിൽ വീട്ടുകാര്യങ്ങൾ നോക്കാൻ
സൈനബും ഉമ്മയെ സഹായിച്ചു.
അബുൽആസ് മടങ്ങിവരുമ്പോഴേക്കും
അദ്ദേഹത്തെ സ്വീകരിക്കാൻ സൈനബ്
തന്നെയും വീടിനെയും ഭംഗിയാക്കി
ഒരുങ്ങി കാത്തിരിക്കുകയും ചെയ്യും.
ഏതുയാത്ര കഴിഞ്ഞുവന്നാലും
അബുൽആസിനു  പറയാൻ സര
സമായ കഥകളുണ്ടാകും. സൈന
ബിനും കുട്ടികൾക്കും എന്തെങ്കിലും
സമ്മാനങ്ങൾ കൊണ്ടുവരാനും
അബുൽ ആസ് മറക്കാറില്ല.

അബുൽആസ് കച്ചവടാവ
ശ്യാർഥം പുറംനാടുകളിലെവിടെയോ
സഞ്ചരിച്ചുകൊണ്ടിരുന്ന ദിവസങ്ങളി
ലൊന്നിലാണ് സവിശേഷമായ ആ
മഹാസംഭവം നടന്നത്. അതിരാവിലെ
ഉമ്മയുടെയും ഉപ്പയുടെയും വീട്ടി
ലേക്കു പോയതായിരുന്നു സൈനബ്.
പിതൃവ്യപുത്രൻ വറഖത്തുബ്നു നൗഫ
ലിന്റെ സമീപത്തുനിന്ന് ധൃതിയിൽ
മടങ്ങിവരുന്ന ഉമ്മയെ അവർ വീടിന്റെ
മുമ്പിൽ വെച്ചു കണ്ടു.

ഇത്രയേറെ പരിഭ്രമിച്ചും
അസ്വസ്ഥ ചിത്തയായും ഉമ്മയെ
സൈനബ് മുമ്പൊരിക്കലും കണ്ടിട്ടില്ല.
സൈനബിനെ ശ്രദ്ധിക്കാതെ ഉമ്മ
നേരെ ഉപ്പയുടെ മുറിയിലേക്കു കയറി
യപ്പോൾ സൈനബിന് ആശങ്ക ഇരട്ടി
ച്ചു. കുറച്ചുനേരത്തേക്ക് ഉമ്മ
പുറത്തുവന്നില്ല. സന്തോഷവും സന്താ
പവും ഇടകലർന്ന പ്രകാശം സ്ഫുരി
ക്കുന്ന മുഖത്തോടെ പുറത്തുവന്ന ഖദീ
ജ, മകൾ സൈനബയെ വാത്സല്യ
ത്തോടെ അടുത്തേക്കു വിളിച്ചു.
എന്നിട്ട് പതുക്കെ ശ്രദ്ധാപൂർവം
സംസാരിച്ചു തുടങ്ങി.

ഹിറാഗുഹയിൽ പ്രാർഥനാ നിര
തനായിരിക്കെ ഉപ്പക്ക് ദൈവിക
ബോധനം ലഭിച്ചതിനെക്കുറിച്ചാണ് ഉമ്മ
സംസാരിച്ചത്. സർവശക്തനായ
അല്ലാഹു തന്റെ സന്ദേശം അറേബ്യ
യിലെ തന്നിഷ്ടക്കാരായ ജനതയി
ലേക്കു പകരാൻ ഉപ്പയെ തെരഞ്ഞെടു
ത്തിരിക്കുന്നു. അത്തരം ഗഹനമായ
കാര്യങ്ങളെക്കുറിച്ച് ആലോചിക്കു
കയോ പഠിക്കുകയോ ചെയ്തിട്ടില്ലാത്ത
സൈനബ് ഉമ്മ പറയുന്നത് നിശ്ശബ്ദ
യായി സശ്രദ്ധം കേട്ടു. എന്താണ് പറ
യേണ്ടതെന്ന് അവൾക്കറിയില്ലായിരു
ന്നു. എന്തോ വലിയ അനുഗ്രഹമാണ്
ഉപ്പയെ തേടിയെത്തിയിരിക്കുന്നതെന്ന്
അവളുടെ ഹൃദയം അറിഞ്ഞു. അതോ
ടൊപ്പം, തന്റെ കുടുംബത്തെ വേദനനി
റഞ്ഞ അനുഭവങ്ങൾ കാത്തുനിൽക്കു
ന്നുണ്ടെന്ന് സന്ദിഗ്ധമായ ആ നിമിഷ
ങ്ങളിൽ അവർ ഭയപ്പെടുകയും
ചെയ്തു. ഖുറൈശികളുടെ വീറും
താൻപോരിമയും കാർക്കശ്യവും
അവൾക്കറിയാം. നല്ലവരിൽ നല്ലവനായ
തന്റെ പിതാവ് ഒറ്റപ്പെട്ടുപോകുമോ?
തന്റെ ഭർത്താവ് പിതാവിനെ തുണക്കാ
നെത്തില്ലേ? അതോർത്തപ്പോൾ അവൾ
സ്തബ്ധയായി. ചിന്തയുടെ കടി
ഞ്ഞാൺ നൂലറ്റപട്ടംപോലെ പാറി നട
ന്നു. മനസ്സ് ആഴമറിയാത്ത ഏതോ
ആഴിയിൽ നീന്തുകയാണോ?

"ഈ സമുദായത്തിന്റെ പ്രവാ
ചകപുത്രിയാണെന്ന കാര്യം ഇത്താ
ത്തയെ സന്തോഷിപ്പിക്കുന്നില്ലേ?"
എന്ന കൊച്ചു ഫാത്വിമയുടെ ചോദ്യം
കേട്ടാണ് അവൾ ആലോചനയിൽ
നിന്നുണർന്നത്. സൈനബിന്റെ കണ്ണു
കൾ നിറഞ്ഞു. "മോളേ ഫാത്വിമാ,
തീർച്ചയായും അതെന്നെ സന്തോഷിപ്പി
ക്കുന്നു. പടച്ചവനാണ, ഇത്രയും ഉന്നത
മായ ഒരു പദവി ആഗ്രഹിക്കാത്ത
വ്യക്തി ആരുണ്ട്? പക്ഷേ, അമ്മാവൻ
വറഖത് പറഞ്ഞത് നീ കേട്ടില്ലേ?
ഉപ്പയെ അവർ കളവാക്കുമെന്നും
ദ്രോഹിക്കുമെന്നും നാട്ടിൽ നിന്ന്
പുറത്താക്കുമെന്നും യുദ്ധം ചെയ്യുമെ
ന്നുമൊക്കെയാണല്ലോ അദ്ദേഹം
പറഞ്ഞത്."

കുഞ്ഞു ഫാത്വിമ അൽപനേരം
ചിന്തയിലാണ്ടു. ഉപ്പയെ ദ്രോഹിക്കു
മെന്നു പറഞ്ഞത് അവൾക്കു സഹിക്കാ
നായില്ല. ഫാത്വിമയുടെ കണ്ണും കവിളു
കളും നനഞ്ഞു. അവൾ തലഉയർത്തി
ഇത്താത്തയോടു പറഞ്ഞു: "നമ്മുടെ
ഉമ്മ ഉപ്പയോടു പറഞ്ഞത് ഇത്താത്ത
കേട്ടില്ലേ? "അബുൽഖാസിം, താങ്കൾ
ഉറച്ചു നിന്നോളൂ. അല്ലാഹു ഒരിക്കലും
താങ്കളെ അപമാനിതനാക്കുകയോ
കൈവെടിയുകയോ ഇല്ല. കാരണം,
താങ്കൾ കുടുംബബന്ധം ചേർക്കുന്നു.
സത്യംമാത്രം പറയുന്നു. അമാനത്ത്
വീട്ടുന്നു. അശരണരെ സഹായിക്കുന്നു.
അതിഥിയെ സൽക്കരിക്കുന്നു. കെടുതി
കളിൽ മറ്റുള്ളവരെ സഹായിക്കുന്നു."

അതുപറഞ്ഞു കഴിഞ്ഞപ്പോൾ
ഫാത്വിമക്കും സൈനബിനും ആശ്വാസ
മായി. ചരിത്രത്തിലെ ഏറ്റവും മഹോ
ന്നതനായ മനുഷ്യന്റെ മക്കളാണ് തങ്ങ
ളെന്ന് അവരിരുവരും മനസ്സിലാക്കിക്കഴി
ഞ്ഞിരിക്കണം. അവരുടെ മുഖത്ത്
പുഞ്ചിരി വിടർന്നു. അവർ പരസ്പരം
ആശ്ലേഷിച്ചു.

*****     *****     *****

അബുൽആസ് മടക്കയാത്രയിലാ
യിരുന്നു. മുഹമ്മദ് ഒരു പുതിയ മതവു
മായി രംഗപ്രവേശം ചെയ്തുവെന്ന
വാർത്ത സാർഥവാഹകസംഘങ്ങളിൽ
നിന്നു കൈമാറി മണലാരണ്യത്തിന്റെ
മുക്കുമൂലകളിൽ എത്തിച്ചേർന്നുകൊ
ണ്ടിരുന്നു. നാടാകെ പ്രചരിച്ച ആ
വാർത്ത അബുൽആസിന്റെ ചെവി
യിലും എത്തി.

അദ്ദേഹം വീട്ടിൽ മടങ്ങിവന്നു.
സൈനബ് പതിവിലും കവിഞ്ഞ
സ്നേഹത്തോടെയും ആകാംക്ഷയോ
ടെയും കാത്തുനിൽക്കുകയായിരുന്നു.
അന്തസ്സും അഭിമാനവും സ്ഫുരിക്കുന്ന
മുഖഭാവത്തോടെ അവൾ പുതിയ
വാർത്ത പ്രിയതമന്റെ മുമ്പിലവതരിപ്പി
ച്ചു. അബുൽആസ് എല്ലാം നിശ്ശബ്ദ
നായി കേട്ടു. ഒന്നും തിരിച്ചു പറഞ്ഞില്ല.
അപ്പോൾ അവൾ ചോദിച്ചു: "പ്രിയപ്പെ
ട്ടവനേ.... നിങ്ങൾക്കെന്തുപറ്റി? എന്താ
ണൊന്നും പറയാത്തത്?'

സൈനബിനെ മാറോടണച്ച്
അദ്ദേഹം പറഞ്ഞു: "പ്രിയപ്പെട്ടവളേ,
എനിക്കു പേടി തോന്നുന്നു."
അബുൽആസ് ദീർഘമായി നിശ്വസി
ച്ചു. തന്റെ ഇരുകരങ്ങളും മാറ്റി അവളെ
സ്വതന്ത്രയാക്കിയിട്ടു തുടർന്നു "ഞാന
ദ്ദേഹത്തെ പിന്തുടർന്നാൽ, തന്റെ
പെണ്ണിനെയും അവളുടെ പിതാവി
നെയും തൃപ്തിപ്പെടുത്താൻ അവൻ
പൂർവപിതാക്കളുടെ മതം വലിച്ചെറി
ഞ്ഞുവെന്ന് ജനം ആക്ഷേപിക്കും.
ഞാൻ എതിർത്താലോ....." ആ
വാചകം പൂർത്തിയാക്കാൻ സൈനബ്
അനുവദിച്ചില്ല. അത്യധികം ദുഃഖ
ത്തോടും വിനയത്തോടും കൂടി അവൾ
അതിനെ ഖണ്ഡിച്ചു.

"സത്യത്തിൽനിന്നും പിന്തിരി
യാൻ നിങ്ങൾ ജനങ്ങളുടെ അഭിപ്രായം
സ്വീകരിക്കുകയോ? സത്യത്തോടൊപ്പം
നിലകൊള്ളുകയല്ലേ വേണ്ടത്?"
അബുൽആസ് മറുപടിയൊന്നും പറ
ഞ്ഞില്ല. അയാൾ അനന്തതയിലേക്ക്
കണ്ണുകളയച്ചിരുന്നു. സൈനബ്
തുടർന്നു. "പ്രിയപ്പെട്ടവനേ... ഞാൻ
തീരുമാനിച്ചു. ഞാൻ ഇസ്‌ലാം സ്വീകരി
ച്ചു."

അബുൽആസ് പൊടുന്നനെ നിശ്ശബ്ദതയിൽ നിന്നുണർന്നു. "സൈനബ്.. നീ അങ്ങനെ ചെയ്തോ?" അദ്ദേഹം ചോദിച്ചു.

"എനിക്കെന്റെ ഉപ്പയെ കളവാക്കാൻ കഴിയില്ല. അങ്ങേക്കറിയാവുന്നതുപോലെ, അദ്ദേഹം സത്യസന്ധനും വിശ്വസ്തനുമാണ്." സൈനബ് വിശദീകരിച്ചു: "എന്റെ ഉമ്മയും സഹോദരിമാരും പിതൃവ്യപുത്രൻ അലിയും അബൂബക്കറും ഇസ്‌ലാം സ്വീകരിച്ചു. നിങ്ങളുടെ കുടുംബത്തിൽനിന്നു നിങ്ങളുടെ പിതൃവ്യപുത്രൻ ഉസ്മാനും സുബൈറുബ്നുൽ അവ്വാമുമെല്ലാം ഇസ്‌ലാം സ്വീകരിച്ചവരിൽ പെടും."

അവൾ പറയുന്നതൊന്നും ശ്രദ്ധിച്ചുകേൾക്കാൻ അബുൽആസിന്റെ മനസു സന്നദ്ധമായിരുന്നില്ല. പക്ഷേ, അയാൾക്ക് കുറേ ചോദ്യങ്ങളുണ്ടായിരുന്നു. ആ ചോദ്യങ്ങളിൽ ദുഃഖത്തിന്റെയും ആക്ഷേപത്തിന്റെയും ധ്വനികളുമുണ്ടായിരുന്നു. "സൈനബ്, നീ ആലോചിച്ചിട്ടാണോ ഈ തീരുമാനമെടുത്തത്? നീ ഉപ്പയുടെ മതം പിന്തുടരുകയും ഞാനെന്റെ പൂർവപിതാക്കളുടെ മതത്തിൽ ഉറച്ചുനിൽക്കുകയും ചെയ്താൽ എന്താണു സംഭവിക്കുകയെന്നു നീ ആലോചിച്ചുവോ?"

സൈനബ് തലയാട്ടിക്കൊണ്ട് പറഞ്ഞു: "എന്റെ പ്രിയപ്പെട്ടവനേ, ഒരിക്കലും അങ്ങനെ സംഭവിക്കാതിരിക്കട്ടെ. സുബൈറും ഉസ്മാനുമെല്ലാം ഇസ്‌ലാം സ്വീകരിച്ചതുപോലെ അങ്ങും ഇസ്‌ലാമിൽ പ്രവേശിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്."

അബുൽആസ് സൈനബിനെ സ്നേഹത്തോടെയും ദുഃഖത്തോടെയും നോക്കിയിരുന്നതല്ലാതെ മറുപടി പറഞ്ഞില്ല. അദ്ദേഹത്തിന്റെ മനസ്സിൽ അലമുറയിട്ടുണരുന്ന ധർമസങ്കടങ്ങളുടെ വേലിയേറ്റം സൈനബ് അറിഞ്ഞു. കുറച്ചുനേരം കഴിഞ്ഞ് നിസ്സംഗഭാവത്തോടെ അബുൽആസ് ദാറുന്നദ്‌വ*യിലേക്കു പുറപ്പെട്ടു. ആകാംക്ഷയോടെയും പ്രാർഥനകളോടെയും സൈനബ് അദ്ദേഹത്തെ കാത്തിരുന്നു. പാതിരാവിലാണ് അബുൽആസ് മടങ്ങിയെത്തിയത്. അദ്ദേഹമപ്പോൾ ഊർജസ്വലനോ പ്രസന്നവദനനോ ആയിരുന്നില്ല. തലതാഴ്ത്തി, ഗാഢമായ ഏതോ ചിന്തയിലാണ് അയാൾ വീടിനകത്തു കയറി. സൈനബ് മനഃപൂർവം തന്നെ അദ്ദേഹത്തോടൊന്നും ചോദിച്ചില്ല. ഒടുവിൽ, കട്ടിലിൽ ചെന്നിരുന്ന അബുൽആസ് ദുഃഖത്തോടെ പറഞ്ഞു: "സൈനബ്, കഅ്ബയിൽവെച്ച് ഞാൻ നിന്റെ ഉപ്പയെ കണ്ടു. അദ്ദേഹം എന്നെ ഇസ്‌ലാമിലേക്കു ക്ഷണിച്ചു." അബുൽആസ് പിന്നെയൊന്നും പറഞ്ഞില്ല. തുടർന്നു സംസാരിക്കാൻ അദ്ദേഹം അശക്തനാകുന്നതുപോലെ തോന്നി. ഉപ്പയോടു നിങ്ങൾ എന്തുമറുപടി പറഞ്ഞുവെന്ന് സൈനബ് ചോദിച്ചതുമില്ല.

രാത്രിയുടെ നിശ്ശബ്ദതയിൽ ദുഃഖവും ഭയവും അവരെ വലയം ചെയ്തു. അവരനുഭവിച്ച മാനസിക സമ്മർദം അടുക്കാനും ആലിംഗനം ചെയ്യാനും അവരെ പ്രേരിപ്പിച്ചെങ്കിലും രണ്ടുപേരും പെട്ടെന്നു പിന്മാറി. അദൃശ്യമായ ഏതോ വിലക്ക് അവർക്കിടയിൽ നിലനിൽക്കുന്നതുപോലെ.
ആ രാത്രി അവർ രണ്ടുപേരും
ഉറങ്ങിയില്ല. ■

(തുടരും)

* ദാറുന്നദ്‌വ: അക്കാലത്ത് മക്കയിലെ അറബികൾ ഒത്തുചേരാറുണ്ടായിരുന്ന ഒരിടം.